# ഉപജില്ലാ സമിതി സിറ്റിംഗ് - 04-08-2023

04-08-2023 ന് രാവിലെ 10.30 ന്പയ്യന്നൂർ താലൂക്ക് ഓഫീസിലെ പി എ യു ഓഫീസിൽ വെച്ച് ചേർന്ന ഉപജില്ലാ സമിതി 1ന്റെ യോഗത്തിൽ പങ്കെടുത്തവരും യോഗതീരുമാനങ്ങളും.

1. അനിൽ കെ എൻ, ഐ വി ഒ/എ ഡി, എൽ എസ് ജി ഡി
2. നിഥിൻകുമാർ എസ്, ഡപ്യൂട്ടി ടൌൺ പ്ലാനർ, എൽ എസ് ജി ഡി,
3. ബിജു പി വി, എ എക്സ് ഇ, എൽഎസ്ജിഡി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ഉപജില്ലാ സമിതി യോഗം 11 മണിക്ക് ആരംഭിച്ചു. യോഗത്തിൽ 04-07-2023 ന്റെ സിറ്റിംഗിൽ ലഭിച്ച പരാതികൾ പരിശോധിച്ച് ഉപജില്ലാ സമിതി എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് പെരിങ്ങോം വയക്കര, കാങ്കോൽ ആലപ്പടമ്പ് ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളലെ സെക്രട്ടറിമാർ ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിശോധിച്ചു. ബഹു: കേരള മുഖ്യമന്ത്രിയുടെ കരുതലും കൈത്താങ്ങും അദാലത്തിന്റെ പരിഗണനക്കായി സമർപ്പിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ അനീഷ് കെ ജോയിയുടെ പെർമിറ്റിനായുള്ള അപേക്ഷ അദാലത്ത് ജില്ലാ തല റിവ്യൂ സമിതിയുടെ നിർദ്ദേശ പ്രകാരം ഉപജില്ലാ സമിതിയുടെ മുമ്പാകെ വന്നത് സമിതി പരിശോധിച്ചു. ഉപജില്ലാ സമിതി യോഗത്തി ശ്രീ അനീഷ് കെ ജോയി എന്നിവരെയും പങ്കെടുപ്പിച്ചു ശ്രീ അനീഷ് കെ ജോയിയുടെ അപേക്ഷ പരിഗണിക്കുന്നതിന്റെ ഭാഗമായി 27-07-2023 വ്യാഴാഴ്ച ശ്രീ അനീഷ് കെ ജോയി നിർമ്മാണ പ്രവർത്തനം നടത്താനുദ്ദേശിക്കുന്ന സ്ഥലം സമിതി പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ഉപജില്ലാ സമിതി കൺവീനറും സമിതി അംഗം ശ്രീ നിഥിൻകുമാർ എസ്,ഡപ്യൂട്ടി ടൌൺപ്ലാനറും സമിതി മുമ്പാകെ അവതരിപ്പിച്ചു. നിർമ്മാണസ്ഥലത്ത് നിലവിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടങ്ങൾക്കും നിർമ്മാണാനുമതി വേണമെന്നതാണ് ശ്രീ അനീഷ് കെ ജോയി മുന്നോട്ട് വെച്ചത്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം നിർമ്മാണാനുമതി ലഭ്യമാകണമെങ്കിൽ പാലിക്കേണ്ട നിബന്ധനകൾ പാലിക്കാത്തത് കൊണ്ടാണ് നിർമ്മാണാനുമതി അനുവദിക്കാതിരുന്നതെന്നും അനുമതി ലഭ്യമാക്കുന്നതിനായി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം ശ്രീ അനീഷ് കെ ജോയി നിർവ്വഹിക്കേണ്ട കാര്യങ്ങൾ അദ്ദേഹത്തെ അറിയിച്ചു.

1.Foundation & Structural Details of existing and proposed buildings 2.Land Development Plan with level details 3.Contour Survey Map 4.Structural Details of Retaining wall 5.Design Calculation 6.Structural Stability Certificate. 7.Soil Investigation Report 8.കെട്ടിട നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലത്തിന്റെ മണ്ണിന്റെ ഘടന, ഉറപ്പ് എന്നിവ സംബന്ധിച്ച കെ പി ബി ആർ റൂൾ 22(3) പ്രകാരവും മേൽ സ്ഥലത്തുള്ള നീർച്ചാലുകൾ, തോട് തുടങ്ങിയവ സംബന്ധിച്ച കെ പി ബി ആർ റൂൾ 22(4) പ്രകാരവും ഉള്ള റിപ്പോർട്ടുകൾ

മേൽ പറഞ്ഞ കാര്യങ്ങൾ സമിതിയുടെ അടുത്ത സിറ്റിംഗ് തീയ്യതിയായ 16-08-2023 ന് മുന്നേ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചു.

20-07-2023 ലെ ഉപജില്ലാ സമിതി യോഗത്തിൽ അന്തിമ തീർപ്പ് നൽകിയ തഴെ പറഞ്ഞ അപേക്ഷകളിൽ ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളായ പെരിങ്ങോം വയക്കര, കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തുകൾ ഉപജില്ലാ സമിതി തീരുമാനം നടപ്പിലാക്കിയത് സമിതി പരിശോധിച്ച് അപേക്ഷകൾ തീർപ്പാക്കി.

1.പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനും നമ്പർ ലഭിക്കുന്നതിനും ശ്രീ ചന്ദ്രശേഖരൻ നൽകിയ അപേക്ഷയിൽ ശ്രീ ചന്ദ്രശേഖരന്റെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട് എന്ന പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14-07-2023ലെ എ2-2702/2023 നമ്പർ കത്ത് പ്രകാരം ശ്രീ ചന്ദ്രശേഖരന്റെ അപേക്ഷ തീർപ്പാക്കി.

2.പെരിങ്ങോംവയക്കര ഗ്രാമപഞ്ചായത്തിൽ പൂർത്തിയായ ഭവനത്തിന് നമ്പർ ലഭിക്കുന്നതിനായി ശ്രീ പെടച്ചി ചന്ദ്രൻ നൽകിയ അപേക്ഷയിൻ മേൽ ശ്രീ പെടച്ചി ചന്ദ്രന്റെ ഭവനത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട് എന്ന പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയുടെ 14-07-2023ലെ എ2-2702/2023 നമ്പർ കത്ത് പരിഗണിച്ച് ശ്രീ പെടച്ചി ചന്ദ്രന്റെ അപേക്ഷ തീർപ്പാക്കി.

3..പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വീടിന് മുകളിൽ അധിക-മായി എടുത്ത നിർമ്മിതി ക്രമവൽക്കരിക്കുന്നതിന് ശ്രീ കൊട്ടാരംവീട്ടിൽ രാജുവിന്റെ അപേക്ഷയിൽ അധിക നിർമ്മിതി ക്രമവൽക്കരിച്ച് നികുതി പരിഷ്ക്കരിച്ചിട്ടുണ്ട് എന്ന പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14-07-2023ലെ എ2- 2702/2023 നമ്പർ കത്ത് പരിഗണിച്ച് ശ്രീ കൊട്ടാരം വീട്ടിൽ രാജുവിന്റെ അപേക്ഷ തീർപ്പാക്കി.

4.കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനനിർമ്മാണത്തിനായി എൻ ഒസി ലഭിക്കുന്നതിന് ശ്രീ ഷഹുൽ ഹമീദ് നൽകിയ അപേക്ഷയിൽ ലൈഫ് ഭവനം നിർമ്മിക്കുന്നതിന് ശ്രീ ഷഹുൽ ഹമീദിന് 04-07-2023ന് എൻ ഒ സി നൽകിയിട്ടുണ്ട് എന്ന കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20-07-2023 ലെ 401029/ **GGDC08/GPO/2023/3251/(1**) കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ഷാഹുൽഹമീദിന്റെ അപേക്ഷ തീർപ്പാക്കി.

അനിൽ കെ എൻ

കൺവീനർ

ഉപജില്ലാ സമിതി 1 കണ്ണൂർ